5338
19/11/18

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - കേരളത്തിലെ ഹാർബറുകളിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

==========================================================================

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

**സ.ഉ.(കൈ)നം.28/2018/മ.തു.വ. തീയതി, തിരുവനന്തപുരം, 13.08.2018.**

==========================================================================

പരാമർശം : 05.05.2018, 08.06.2018 എന്നീ തീയതികളിലെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ എച്ച്.ഇ.സി.ഇ/354/2018-എ 5 നം. കത്ത്.

**ഉത്തരവ്**

കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനും പരിപാലനത്തിനും, നിരീക്ഷണത്തിനുമായി വിഴിഞ്ഞം, തങ്കശ്ശേരി, നീണ്ടകര, കായംകുളം, ചേറ്റുവ, ബേപ്പൂർ, പുതിയാപ്പ, കൊയിലാണ്ടി, ചോമ്പാൽ, തലായ്, മാപ്പിളബേ, ചെറുവത്തൂർ തുടങ്ങിയ 12 മത്സ്യബന്ധന തുറമുഖങ്ങളിൽ താഴെപ്പറയും പ്രകാരം ഹാർബർ മാനേജ്മെന്റ് സൊസൈറ്റി രൂപീകരിച്ച് ഉത്തരവാകുന്നു. ടി സൊസൈറ്റിക്ക് ഒരു ഗവേണിംഗ് കൗൺസിലും ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും ഉണ്ടാകേണ്ടതാണ്.

1) ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ നിർദ്ദിഷ്ട ഗവേണിംഗ് കൗൺസിൽ താഴെപ്പറയുന്ന ഘടനയിലായിരിക്കുന്നതാണ്.

i. ജില്ലാ കളക്ടർ - ചെയർമാൻ
ii. എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഹാർബർ എഞ്ചിനീയറിംഗ്) - വൈസ് ചെയർമാൻ
iii. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ - മെമ്പർ സെക്രട്ടറി
iv. മത്സ്യഫെഡ് ജില്ലാ മാനേജർ - അസിസ്റ്റന്റ് സെക്രട്ടറി
v. പോർട്ട് ഓഫീസർ - അംഗം
vi. അസിസ്റ്റന്റ് കമ്മീഷണർ ( ഭക്ഷ്യ സുരക്ഷാ വിഭാഗം) - അംഗം
vii. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) - അംഗം
viii. എക്സിക്യൂട്ടീവ് എഞ്ചിനീയർ (കേരള ജല അതോറിറ്റി) - അംഗം
ix. എം.പി.ഇ.ഡി.എ പ്രതിനിധി - അംഗം
x. ആ പ്രദേശത്തെ മത്സ്യ ഗ്രാമങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ജില്ലാ പഞ്ചായത്ത് മെമ്പർമാർ/വാർഡ് കൗൺസിലർമാർ എന്നിവരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ - അംഗം

xi. ആ ഹാർബറിലെ യഥാർത്ഥ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ മത്സ്യത്തൊഴിലാളികളുടെയും അംഗീകൃത ട്രേഡ് യൂണിയനുകളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അഞ്ചിൽ കുറയാത്ത പ്രതിനിധികൾ - അംഗം

xii. ആ പ്രദേശത്തെ യന്ത്രവത്കൃത യാന ഉടമകളിൽ നിന്നും സർക്കാർ നാമ നിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി - അംഗം

2) മേൽ വിവരിച്ച ഘടനയിൽ രൂപീകരിക്കപ്പെടുന്ന ഗവേണിംഗ് കൗൺസിലിന്റെ യോഗം ഒരു സാമ്പത്തിക വർഷത്തിൽ മൂന്ന് മാസത്തിലൊരിക്കലെങ്കിലും കൂടിയിരിക്കണം. ഗവേണിംഗ് കൗൺസിൽ യോഗത്തിന്റെ ക്വാറം 5 ആയിരിക്കുന്നതാണ്.

3) മേൽ പരാമർശിച്ച കമ്മിറ്റിയിൽ ഔദ്യോഗിക സ്ഥാനം വഹിക്കുന്നത് വഴി അംഗങ്ങളാകുന്നവരുടെ കാലാവധി, അവർ അത്തരത്തിലുള്ള ഔദ്യോഗിക സ്ഥാനം വഹിക്കുന്ന കാലത്തോളം ആയിരിക്കുന്നതാണ്.

4) ടി കമ്മിറ്റിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെട്ടവരുടെ കാലാവധി, അവർ അങ്ങനെയുള്ള സ്ഥാനത്ത് തുടരുന്ന കാലം വരെയോ, അവർ അങ്ങനെ വഹിക്കുന്ന സ്ഥാനത്തേക്ക് പുതിയ തെരഞ്ഞെടുപ്പ് വിജ്ഞാപനം പ്രകാരം പകരം അംഗം വരുന്നതു വരെയോ ആയിരിക്കുന്നതാണ്.

5) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പ്രതിനിധികളുടെ കാലാവധി ഉത്തരവ് തീയതി മുതൽ അഞ്ച് വർഷത്തേക്ക് ആയിരിക്കും.

6) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അനൗദ്യോഗിക അംഗത്തിന് ലിഖിതമായ നോട്ടീസ് സർക്കാരിന് നൽകികൊണ്ട് തന്റെ അംഗത്വം രാജിവെക്കാവുന്നതും എന്നാൽ സർക്കാർ രാജി സ്വീകരിക്കുന്നതുവരെ തത്സ്ഥാനത്ത് തുടരാവുന്നതുമാണ്.

7) നാമനിർദ്ദേശം ചെയ്യപ്പെടുന്ന അനൗദ്യോഗിക അംഗത്തിന്റെ ഇടക്കാല ഒഴിവ് മൂന്നു മാസത്തിനകം നികത്തേണ്ടതും അങ്ങനെ നിയമിക്കപ്പെടുന്ന അംഗത്തിന്റെ കാലാവധി, സ്ഥാനം ഒഴിഞ്ഞ അംഗത്തിന്റെ ശേഷിക്കുന്ന കാലയളവിലേക്ക് മാത്രമായിരിക്കുന്നതുമാണ്. നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരാൾ മാനേജ്മെന്റ് സൊസൈറ്റിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കും പൊതുതാത്പര്യത്തിനും എതിരായി പ്രവർത്തിക്കുന്നതായോ, സർക്കാരിന്റെ പ്രഖ്യാപിത നയങ്ങൾക്കെതിരെ പ്രവർത്തിക്കുന്നതായോ ബോദ്ധ്യപ്പെട്ടാൽ ടിയാളുടെ നാമനിർദ്ദേശം സർക്കാർ പിൻവലിക്കുന്നതായിരിക്കും.

8) സർക്കാരിന് ഏതൊരംഗത്തേയും താഴെ പറയുന്ന കാരണങ്ങളാൽ നീക്കം ചെയ്യാവുന്നതാണ്, അതായത്:-

(എ) അദ്ദേഹത്തിന് ബുദ്ധിസ്ഥിരതയില്ലെങ്കിൽ;

(ബി) അദ്ദേഹം അവിമുക്ത നിർദ്ധനനായി വിധിക്കപ്പെട്ടാൽ;

(സി) ശാരീരികമോ മാനസികമോ ആയ വൈകല്യത്താൽ അപ്രകാരം തുടരുവാൻ കഴിവില്ലാതെ വന്നാൽ;

(ഡി) സർക്കാരിന്റെ അഭിപ്രായത്തിൽ സദാചാര വിരുദ്ധമായതോ അല്ലെങ്കിൽ സാമ്പത്തിക ക്രമക്കേടുകൾ ഉൾപ്പെടെയുള്ള കുറ്റകൃത്യത്തിന് ശിക്ഷിക്കപ്പെട്ടാൽ;

9) മേൽ പരാമർശിച്ച പ്രകാരം രൂപീകരിക്കപ്പെടുന്ന ഹാർബർ മാനേജ്മെന്റ്

സൊസൈറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും താഴെപറയും പ്രകാരമായിരിക്കുന്നതാണ് :-

i. ഹാർബറിന്റെ അടിസ്ഥാന ഭൗതിക സൗകര്യ വികസന പ്രവർത്തനവും മറ്റ് പ്രവൃത്തികളും ആവിഷ്കരിക്കുക, പദ്ധതികൾ രൂപവത്കരിക്കുക, ബന്ധപ്പെട്ട സംവിധാനങ്ങൾ നടപ്പാക്കുന്നതിൽ മേൽനോട്ടം വഹിക്കുക എന്നിവയിൽ ഏർപ്പെടുക;

ii. മത്സ്യലേലം, വിൽപ്പന, ഗുണനിലവാരം എന്നിവയിൽ നിലവിലുള്ളതും ഇനി ആവിഷ്കരിച്ച് നടപ്പാക്കുന്നതുമായ നിയമങ്ങളിലെ വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിജ്ഞാപനങ്ങൾക്കും അനുസൃതമായി ഹാർബറിൽ നടപ്പാക്കുക;

iii. ഹാർബറിൽ പ്രവർത്തിക്കുന്ന എല്ലാ തത്പര കക്ഷികൾക്കും മത്സ്യലേലം, വില്പന, ഗുണനിലവാരം എന്നിവയുമായി ബന്ധപ്പെട്ട് സർക്കാർ അതത് കാലത്ത് പുറപ്പെടുവിക്കുന്ന വ്യവസ്ഥകൾ, ചട്ടങ്ങൾ, വിജ്ഞാപനങ്ങൾ എന്നിവയെക്കുറിച്ച് ബോധവത്കരണം ഏർപ്പെടുത്തുക;

iv. മത്സ്യത്തൊഴിലാളി പിടിച്ചു കൊണ്ടു വരുന്ന മത്സ്യങ്ങൾ സ്വതന്ത്രമായും ന്യായമായും വിൽക്കാൻ അവസരം സൃഷ്ടിക്കുക;

v. വിവിധ പങ്കാളികൾ തമ്മിലുണ്ടാകുന്ന തർക്കങ്ങളും സാമൂഹ്യ സംഘർഷങ്ങളും പരിഹരിക്കുക;

vi. കെ.എം.എഫ്.ആർ ആക്ട്, മത്സ്യലേലം, വിപണനം, ഗുണനിലവാരം എന്നിവ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന സർക്കാർ നിബന്ധനകൾ, വ്യവസ്ഥകൾ എന്നിവ കാര്യക്ഷമമായി നടപ്പിലാക്കാൻ ബന്ധപ്പെട്ട സർക്കാർ ഉദ്യോഗസ്ഥരെ സഹായിക്കുക;

vii. സർക്കാർ അതാതു കാലത്ത് വിജ്ഞാപനം മൂലം നിശ്ചയിക്കുന്ന യൂസർ ഫീസ് ഉപയോക്താക്കളിൽ നിന്നും ഈടാക്കാൻ ഏർപ്പാടാക്കൽ;

viii. ഹാർബറിൽ ലഭിക്കുന്ന വരുമാനത്തിൽ നിന്നും കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്നതോതിൽ ഒരു വിഹിതം സർക്കാർ ഖജനാവിലേക്ക് ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കൽ;

ix. ലഭിക്കുന്ന യൂസർ ഫീസ്, ലേല കമ്മീഷൻ, ഓഹരി തുക എന്നിവയിൽ സർക്കാർ ഖജനാവിൽ ഒടുക്കുന്ന വിഹിതം കിഴിച്ച് ബാക്കി തുക ഹാർബറിന്റെ വികസനത്തിനും, നടത്തിപ്പിനും, മറ്റു പ്രവർത്തനങ്ങൾക്കും ചെലവഴിക്കുക;

x. ഹാർബറിന്റെ പൊതുശുചിത്വം, ഹാർബർ ഉപയോഗിക്കുന്നവരുടെ വ്യക്തിഗത ശുചിത്വം, ഹാർബറിലെ ഖര-ദ്രവ മാലിന്യങ്ങളുടെ സംസ്കരണം എന്നിവ നിർവ്വഹിക്കുവാൻ സംവിധാനങ്ങളേർപ്പെടുത്തുക, മേൽനോട്ടം വഹിക്കുക.

xi. ഹാർബറിന്റെ നടത്തിപ്പ്, പരിപാലനം, നിരീക്ഷണം എന്നിവ നിർവ്വഹിക്കുന്നതിന് സഹായിക്കുന്നതിനാവശ്യമായ ജീവനക്കാരെ ധനസ്ഥിതിയുടെ അടിസ്ഥാനത്തിലും ഭരണവകുപ്പിന്റെ അനുമതിയോടെയും താൽക്കാലികമായി നിയോഗിക്കുക.

xii. കാലാകാലങ്ങളിൽ സർക്കാരിനാൽ നിർണ്ണയിക്കപ്പെടുന്ന മറ്റു അധികാരങ്ങളും കടമകളും ചുമതലകളും നിറവേറ്റുക.

10) ഹാർബർ മാനേജ്മെന്റ് സൊസൈറ്റി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഘടന താഴെപറയും പ്രകാരമായിരിക്കുന്നതാണ്.

| | | |
|---|---|---|
| i) ജില്ലാ കളക്ടർ | - | ചെയർമാൻ |
| ii) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | - | വൈസ് ചെയർമാൻ |
| iii) ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ | - | സെക്രട്ടറി |
| iv) മത്സ്യഫെഡ് ജില്ലാ ആഫീസർ | - | ജോയിന്റ് സെക്രട്ടറി |
| v) ഹാർബർ മാനേജ്മെന്റ് കമ്മറ്റിയിലേക്ക് സർക്കാർ നോമിനേറ്റ് ചെയ്യുന്ന മത്സ്യത്തൊഴിലാളി പ്രതിനിധികളിൽ നിന്നും ഒരു പ്രതിനിധി | - | അംഗം |
| vi) ഹാർബറിലെ അനുബന്ധ മത്സ്യത്തൊഴിലാളികളിൽ നിന്നും ഒരു പ്രതിനിധി | - | അംഗം |

മേൽ പരാമർശിച്ച പ്രകാരം രൂപീകരിക്കുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി, സൊസൈറ്റിയുടെ ദൈനംദിന ഭരണനിർവ്വഹണവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനങ്ങളെല്ലാം ഹാർബർ മാനേജ്മെന്റ് സൊസൈറ്റി അടുത്ത ഗവേണിംഗ് കൗൺസിൽ യോഗത്തിന്റെ അംഗീകാരത്തിന് വിധേയമായിരിക്കുന്നതുമാണ്. എക്സിക്യൂട്ടീവ് കമ്മിറ്റികളെല്ലാം മാസത്തിലൊരിക്കലെങ്കിലും കൂടിയിരിക്കണം. കമ്മിറ്റി ക്വാറം 3 ആയിരിക്കുന്നതാണ്.

11. ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ ഭാരവാഹികളുടെ കടമകളും ഉത്തരവാദിത്തങ്ങളും അധികാരങ്ങളും ചുവടെപ്പറയുന്ന വിധം വ്യവസ്ഥ ചെയ്യുന്നു.

1. ചെയർമാൻ:- ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെയും ഗവേണിംഗ് കൗൺസിലിന്റെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും യോഗങ്ങളിൽ അദ്ധ്യക്ഷത വഹിക്കുകയും യോഗനടത്തിപ്പുകളും യോഗതീരുമാനങ്ങളുടെ നിർവ്വഹണ മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്.
2. വൈസ് ചെയർമാൻ:- ചെയർമാന്റെ അഭാവത്തിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ ഗവേണിംഗ് കൗൺസിലിന്റെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുകയും ഹാർബറുമായി ബന്ധപ്പെട്ട് സൊസൈറ്റി നിശ്ചയിക്കുന്ന മരാമത്ത് പ്രവൃത്തികളുടെയും മറ്റും സാങ്കേതിക മേൽനോട്ടം വഹിക്കുകയും ചെയ്യുക.
3. മെമ്പർ സെക്രട്ടറി:- ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെയും ഗവേണിംഗ് കൗൺസിലിന്റെയും യോഗങ്ങളുടെ അറിയിപ്പുകൾ നല്കൽ, ചെയർമാനുമായി ആലോചിച്ച് യോഗത്തിന്റെ അജണ്ട കുറിപ്പ് തയ്യാറാക്കൽ, യോഗതീരുമാനങ്ങൾ നടപ്പാക്കൽ. മാനേജ്മെന്റ് സൊസൈറ്റിയുടെ അക്കൗണ്ടുകൾ കൈകാര്യം ചെയ്യുക, സൊസൈറ്റിയുടെ കണക്കുകൾ എഴുതി സൂക്ഷിക്കുകയും രജിസ്റ്ററുകൾ തയ്യാറാക്കുകയും ചെയ്യുക. സൊസൈറ്റിയ്ക്കു വേണ്ടി പണം സ്വീകരിക്കൽ, സൊസൈറ്റിയുടെ ഗവേണിംഗ് കൗൺസിലിന്റെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും അംഗീകാരത്തിന് വിധേയമായി പണം ചെലവഴിക്കൽ, സൊസൈറ്റിയ്ക്കു വേണ്ടി കരാറുകളിൽ ഏർപ്പെടൽ, വ്യവഹാരങ്ങൾ നടത്തൽ, ദൈനംദിന ഭരണ നിർവ്വഹണവും മേൽനോട്ടവും വഹിക്കൽ, സൊസൈറ്റി ഭരണ സമിതിയുടെ അനുമതിയോടെ ജീവനക്കാരെ നിയമിക്കൽ, അവയുടെ നിയന്ത്രണവും പ്രവർത്തനദിശാഗതി നിർണ്ണയവും നിർവ്വഹിക്കൽ, സൊസൈറ്റിയുടെ എല്ലാ സ്ഥാവരജംഗമ വസ്തുക്കളുടെയും സൂക്ഷിപ്പും കൈകാര്യം ചെയ്യുകയും തുടങ്ങിയ ഒരു

സ്ഥാപനത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് നിർവ്വഹിക്കേണ്ട എല്ലാവിധ ചുമതലകളും നിർവ്വഹിക്കുക.

4. <u>അസിസ്റ്റന്റ് സെക്രട്ടറി</u>:- സൊസൈറ്റിയുടെ യോഗനടത്തിപ്പിലും ഭരണ നിർവ്വഹണത്തിലും മെമ്പർ സെക്രട്ടറിയെ സഹായിക്കുക. മെമ്പർ സെക്രട്ടറിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് ഹാർബറിലെ ലേല നടത്തിപ്പിൽ മേൽനോട്ടം വഹിക്കുക. മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം സ്വതന്ത്രമായി വില്പന നടത്താൻ അവസരമൊരുക്കുക, മത്സ്യത്തൊഴിലാളി ക്ഷേമ-വികസന സഹകരണ സംഘങ്ങളെ മത്സ്യലേലത്തിൽ പങ്കെടുപ്പിച്ച് ഇടനിലക്കാരുടെ ചൂഷണം കുറച്ചു കൊണ്ടുവരുവാൻ പദ്ധതികളാവിഷ്കരിച്ച് സൊസൈറ്റി ഭരണസമിതിയുടെ അനുമതിയോടെ നടപ്പാക്കുക.

5. <u>അംഗങ്ങൾ</u>:- ഭരണസമിതി യോഗങ്ങളിൽ പങ്കെടുക്കുകയും, ടി യോഗങ്ങളിലെ തീരുമാനങ്ങളെടുക്കുന്ന പ്രക്രിയയിൽ സജീവമായി പങ്കെടുക്കുകയും ഭൂരിപക്ഷ തീരുമാനം നടപ്പാക്കുന്നതിന് മെമ്പർ സെക്രട്ടറിയെ സഹായിക്കുക.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**കെ. ആർ. ജ്യോതിലാൽ**
പ്രിൻസിപ്പൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്, തിരുവനന്തപുരം.
സെക്രട്ടറി, മറൈൻ പ്രൊഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി, എം.പി.ഇ.ഡി.എ ഹൗസ്, പി.ബി നം. 4272, പനമ്പിള്ളി നഗർ, കൊച്ചി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ